## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. 466 | 06.03.2012ൽ മറുപടിയ്ക്ക് |
|---|---|
| അവശ ജനവിഭാഗങ്ങൾക്കുള്ള ആശ്വാസ പദ്ധതികൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആശ്വാസ പദ്ധതികൾ നടപ്പാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാമിഷൻ ധനസമാഹരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ എത്ര തുക സമാഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; | (ബി) ആകെ 33,28,00,000/- രൂപ സമാഹരിക്കുന്നതിനാണ് സർക്കാർ നിർദ്ദേശം. |
| (സി) ഈ തുക ഏതൊക്കെ തരത്തിൽ സമാഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ; | (സി) സ്റ്റാമ്പ് വിൽപനയിലൂടെ 11 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽനിന്നും ചുവടെ വിവരക്കുന്ന പ്രകാരം സംഭാവനയായും തുക സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്നു.<br>1. ജില്ലാപഞ്ചായത്തുകൾ 10 ലക്ഷം രൂപ വീതം (14 x 10,00,000) = 1,40,00,000/-<br>2. കോർപ്പറേഷനുകൾ 10 ലക്ഷം രൂപ വീതം (5 x 10,00,000) = 50,00,000/-<br>3. മുൻസിപ്പാലിറ്റി 5 ലക്ഷം രൂപ |

| | |
|---|---|
| | വീതം (60 x 5,00,000) = 3,00,00,000/-<br>4. ബ്ളോക്ക് പഞ്ചായത്ത് 5 ലക്ഷം രൂപ വീതം (152 x 5,00,000) = 7,60,00,000/-<br>5. ഗ്രാമപഞ്ചായത്ത് 1 ലക്ഷം രൂപ വീതം (978 x 1,00,000) = 9,78,00,000/-<br>ആകെ: 22,28,00,000/- |
| (ഡി) ഏതൊക്കെ വിഭാഗം ജനങ്ങൾക്കായി പ്രസ്തുത തുക വിനിയോഗിക്കുമെന്ന് അറിയിക്കുമോ; | (ഡി) സമൂഹത്തിൽ അവശതയും കഷ്ടപ്പാടും അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനും, ചികിത്സക്കും മറ്റ് ആശ്വാസ പദ്ധതികൾക്കുമായിട്ടായിരിക്കും ഇത്തരത്തിൽ ലഭിക്കുന്ന തുക വിനിയോഗിക്കുന്നത്. |
| (ഇ) പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ? | (ഇ) സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കി വരുന്ന ക്ഷേമ പദ്ധതികളിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ഒഴികെ മറ്റുള്ളവയെല്ലാം തന്നെ പ്രവൃത്തി പഥത്തിൽ എത്തിയവയാണ്.<br><br>1) <u>സ്നേഹസാന്ത്വനം പദ്ധതി:</u> ദുരിതബാധിതരായി കണ്ടെത്തിയിട്ടുള്ള 4070 പേർക്ക് മുടക്കമില്ലാതെ പ്രതിമാസ ധനസഹായം അനുവദിച്ചുകഴിഞ്ഞു.<br><br>2) <u>ആശ്വാസകിരണം പദ്ധതി:</u> 18,000-ൽ പരം ഗുണഭോക്താക്കൾക്ക് മുടക്കമില്ലാതെ ധനസഹായം അനുവദിച്ചുകഴിഞ്ഞു<br><br>3) <u>സ്നേഹസ്പർശം പദ്ധതി:</u> അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും മുടക്കമില്ലാതെ ധനസഹായം അനുവദിച്ചുവരുന്നു.<br><br>4) താലോലം പദ്ധതിയുടെ പ്രയോജനം 3703 പേർക്കും ക്യാൻസർ സുരക്ഷാ പദ്ധതിയുടെ പ്രയോജനം 2282 പേർക്കും ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| | 5) വൈകല്യ നിർണ്ണയ മെഡിക്കൽ ക്യാമ്പ് പദ്ധതി പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഇതുവരെയായി 2,40,176 പേർക്ക് തിരിച്ചറിയൽ കാർഡും മെഡിക്കൽ സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്.<br><br>6) വയോമിത്രം പദ്ധതി സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലെയും കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ നടപ്പാക്കി വരുന്നു.<br>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി ഈ വർഷം മാർച്ച് മാസത്തിൽ തന്നെ ആരംഭിക്കുന്നതാണ്. |

R. Vijayakumar

സെക്ഷൻ ഓഫീസർ